# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

15.7.2014-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 7758

### സ്വകാര്യ ഭൂമിയിൽ മരം വച്ച് പിടിപ്പിക്കുന്നവർക്ക് ധനസഹായം

**ചോദ്യം**

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, എ . റ്റി . ജോർജ്
,, ഹൈബി ഈഡൻ

**ഉത്തരം**

തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്ത് സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപടിപ്പിക്കുന്നവർക്ക് ധനസഹായത്തിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ; | എ) സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 17.02.2012 - ലെ ജി.ഒ. (ആർ.റ്റി) നമ്പർ 99/12/വനം, 29.09.2012 - ലെ ജി.ഒ. (ആർ.റ്റി) 486/12/ വനം എന്നിവ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് വൃക്ഷത്തൈ ഒന്നിന് 30/ രൂപ മുതൽ 50/- രൂപാവരെ പ്രോത്സാഹന ധനസഹായം നൽകി വരുന്നുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) സ്വകാര്യ ഭൂമിയിലെ ശോഷിച്ചുവരുന്ന ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനോടൊപ്പം, വൃക്ഷാവരണം, തടിയുൽപ്പാദനം എന്നിവ വർദ്ധിപ്പിക്കുകയും, സർവ്വസാധാരണമായി ഉപയോഗിക്കുന്ന തടിയിനങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുകയും അതുവഴി ഭൂവുടമകൾക്ക് അധികവരുമാനം ലഭ്യമാക്കുന്നതിനിടയാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. നിലവിലുള്ള വിളകളുടെ വിലയിൽ ഇടയ്ക്കിടെയുണ്ടാകുന്ന വ്യതിയാനങ്ങളെ വൃക്ഷം വളർത്തൽ മുഖേന ചെറുക്കുന്നതിന് കർഷകരെ സഹായിക്കുക, വൃക്ഷം വളർത്തലിനെ മറ്റൊരു കാർഷികവൃത്തിയാക്കുവാൻ കർഷകരെ |

പ്രോത്സാഹിപ്പിക്കുക, ഇതുവഴി സ്വകാര്യ കൈവശസ്ഥലങ്ങളിലെയുംകൂടി ഹരിതാഭ വർദ്ധിപ്പിക്കുക, ജൈവവൈവിധ്യം പരിപോഷിപ്പിക്കുക, ആവാസ വ്യവസ്ഥ സേവനങ്ങൾ വർദ്ധിച്ച അളവിൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നിവ കൂടാതെ, ആഗോളതാപനത്തെയും, കാലാവസ്ഥാ വ്യതിയാനത്തെയും ചെറുത്ത് അതിന്റെ ദൂഷ്യഫലങ്ങൾ ലഘൂകരിക്കുകയെന്നതും ഈ പദ്ധതി മുഖേന ലക്ഷ്യമിടുന്നുണ്ട്.

| | |
|---|---|
| സി) പദ്ധതി അനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | സി) 2012 വർഷം മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു ണ്ട്. എല്ലാ വർഷവും ഓഗസ്റ്റ് - സെപ്തംബർ മാസങ്ങളിൽ മാധ്യമങ്ങളിൽ പരസ്യം പ്രസിദ്ധീകരിച്ച് എല്ലാ ജില്ലകളിലും അപേക്ഷകൾ ക്ഷണിക്കുകയും, ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി വിഭാഗം റെയിഞ്ച് ഓഫീസർ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷകൾ സ്വീകരിച്ച്, ആയതിന്മേൽ ഫോറസ്റ്റർ സ്ഥലപരിശോധന നടത്തി പരിശോധനാ റിപ്പോർട്ടും, അപേക്ഷയും ജന പ്രതിനിധകളുൾപ്പെടുന്ന പഞ്ചായത്ത് ലെവൽ കമ്മിറ്റിയുടെ വിലയിരുത്തലിനു ശേഷം ശുപാർശകളോടെ ജില്ലാതല കമ്മിറ്റിയ്ക്ക് നൽകുകയും, സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായുള്ള ജില്ലാതല കമ്മിറ്റി ആയവ പരിഗണിച്ച് ധനസഹായം തീരുമാനിച്ച്, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അക്കൗ ണ്ട് പേയീ ചെക്കായി അപേക്ഷകന് നൽകുകയും ചെയ്യുന്നു. മുൻ വർഷങ്ങളിൽ 2406-01-800-98-34- OC-Forest Publicity & Extension എന്ന ശീർഷകത്തിൽ വകയിരുത്തിയാണ് ഇതിലേയ്ക്കുള്ള ചെലവുകൾ നടത്തിയിരുന്നത്.<br>കഴിഞ്ഞ 2 വർഷങ്ങളിൽ വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | തുക | റിമാർക്കുകൾ |
|---|---|---|
| 2012 | 1330905 | |
| 2013 | 1765304/- | 1420559/- രൂപ ഈ വർഷത്തെ ഫണ്ടിൽ നിന്നു മാത്രമേ വിതരണം നടത്തുകയുള്ളു |

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) എല്ലാ വർഷവും ഓഗസ്റ്റ് - സെപ്തംബർ മാസങ്ങളിൽ മാധ്യമങ്ങളിൽ പരസ്യം പ്രസിദ്ധീകരിച്ച് എല്ലാ ജില്ലകളിലും അപേക്ഷകൾ ക്ഷണിക്കുകയും, ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി വിഭാഗം റെയിഞ്ച് ഓഫീസർ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷകൾ സ്വീകരിച്ച്, ആയതിന്മേൽ ഫോറസ്റ്റർ സ്ഥലപരിശോധന നടത്തി പരിശോധനാ റിപ്പോർട്ടും, അപേക്ഷയും ജന പ്രതിനിധകളുൾപ്പെടുന്ന പഞ്ചായത്ത് ലെവൽ കമ്മിറ്റിയുടെ വിലയിരുത്തലിനു ശേഷം ശുപാർശകളോടെ ജില്ലാതല കമ്മിറ്റിയ്ക്ക് നൽകുകയും, സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായുള്ള ജില്ലാതല കമ്മിറ്റി ആയവ പരിഗണിച്ച് ധനസഹായം തീരുമാനിച്ച്, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അക്കൗണ്ട് പേയീ ചെക്കായി അപേക്ഷകന് നൽകുകയും ചെയ്യുന്നു. ടി പദ്ധതി പ്രകാരമുള്ള ധനസഹായം ഇക്കൊല്ലവും വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിലേയക്ക് വേണ്ട ചെലവുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിലേയ്ക്ക് ഇതിനകം ലഭ്യമാക്കിയിട്ടുള്ള 2406-01-800-55-01 (1)- Extension Forestry എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതാണ്. തുടർനടപടികൾ ഓഗസ്റ്റ് മാസം മുതൽ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ